(ഡി) ഇന്ത്യയൊട്ടാകെയുള്ള ആകെ ഭൗതിക ലക്ഷ്യത്തിന്റെ 15 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഓരോ വർഷവും അനുവദിക്കുന്ന ഭൗതിക ലക്ഷ്യം മാത്രം പരിഗണിക്കുമ്പോൾ ഓരോ വിഭാഗത്തിനുമുള്ള അനുപാതത്തിൽ വ്യത്യാസമുണ്ടാകും. 2014-15 വർഷത്തേക്ക് കേരളത്തിന് അനുവദിച്ചിരിക്കുന്ന ഭൗതിക ലക്ഷ്യം 59060 വീടുകളാണ്. അതിൽ 17875 വീടുകൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇത് ആകെ സംസ്ഥാന ഭൗതിക ലക്ഷ്യത്തിന്റെ 30.27 ശതമാനമാണ്.

ഐ.എ.വൈ. പദ്ധതി

35 (3001) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയത് ; വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ വിഭാവന ചെയ്ത തുക ഈയിനത്തിൽ നിയമസഭ പാസ്സാക്കി നൽകിയോ ; ഇല്ലെങ്കിൽ പാസ്സാക്കി നൽകിയ തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ സാമ്പത്തിക വർഷവും പാസ്സാക്കിയ തുകയിൽ എത്ര രൂപ വീതമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ. പ്രകാരം ഒരു വീട് നിർമ്മിക്കുന്നതിന് ഗുണഭോക്താവിന് എത്ര രൂപ വീതമാണ് നൽകുന്നത് ; ഇതിൽ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും വിഹിതം എത്ര രൂപ വീതമാണ് ; പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത് ; വർദ്ധിപ്പിച്ച വിഹിതം ആരാണ് വഹിക്കുന്നത് ; ഇതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് മാനദണ്ഡം ;

(ഇ) സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാതെ അധിക ബാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ടിവന്നതു മൂലം വികസന പദ്ധതികൾ നടപ്പാക്കാനാവാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാന സർക്കാരിന്റെ വിഹിതമായ 50,000 രൂപ വീതമുള്ളത് കഴിഞ്ഞ 3 വർഷമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാത്തത് എന്തുകൊണ്ട് ; പ്രസ്തുത തുക സഹകരണ ബാങ്കുകളിൽ നിന്നും വായ്പയായി എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിരുന്നോ ; ഇത്തരത്തിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകൾ എത്ര രൂപ വീതം വായ്പ എടുത്തു എന്ന് ബ്ലോക്കിന്റെ പേര്, വായ്പ എടുത്ത തുക, സാമ്പത്തിക വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാർ വിഹിതമായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക (ലക്ഷത്തിൽ)
2011-12	6053.35
2012-13	6707.12
2013-14	8004.15
2014-15	10335.5

(ബി) സംസ്ഥാന സർക്കാർ വിഹിതം നൽകി വരുന്നുണ്ട്.

(സി) കേന്ദ്ര വിഹിതം അനുവദിക്കുന്ന മുറയ്ക്കുതന്നെ ആനുപാതിക സംസ്ഥാന വിഹിതം എല്ലാ ജില്ലകൾക്കും നൽകുന്നുണ്ട്. ജില്ലകൾ ആവശ്യാനുസരണം ബ്ലോക്ക് പഞ്ചായത്തുകൾക്ക് വീതിച്ചു നൽകുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ. പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	തുക (ലക്ഷത്തിൽ)
2011-12	5822.25
2012-13	5302.14
2013-14	7247.287
2014-15	5152.35
2015 ഫെബ്രുവരി വരെ	

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് 75:25 അനുപാതത്തിൽ യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാർ വകയിരുത്തുന്നു. കേരളത്തിൽ എസ്സി. ജനറൽ വിഭാഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും എസ്റ്റി. വിഭാഗത്തിന് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ ഓരോ വീടിനും അധിക ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.. ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്തി നൽകുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം

36 (3002) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. ഭവനനിർമ്മാണപദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം ലഭിക്കാത്തതിനെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പൂർത്തിയാക്കാത്ത എത്ര ഭവനങ്ങളാണ് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം	പൂർത്തിയാക്കാത്ത വീടുകൾ
2012-13	32
2013-14	29
2014-15	60
ആകെ	121

LIBRARY ARCHIVES Kerala Legislative Assembly